**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2576** **12-12-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വിമുക്ത കേരളം - കർമ്മ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരി വിമുക്ത കേരളം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടികൾ വ്യക്തമാക്കാമോ; | (എ) | മയക്കുമരുന്നിന്റെയും ലഹരിഉല്പന്നങ്ങളുടെയും ഉപയോഗവും വിപണനവും തടഞ്ഞ് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിയ്ക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകൾ, സർവ്വീസ് സംഘടനകൾ, വിദ്യാർത്ഥി/യുവജന സംഘടനകൾ, കുടുംബശ്രീ, എൻ.എസ്.എസ്/എസ്.പി.സി, വിവിധ ജാതി-മത-സാമുദായിക-സന്നദ്ധ സംഘടനകൾ, വിവിധ രാഷ്ട്രീയ പാർട്ടികൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ലഹരി വിരുദ്ധ പ്രചാരണ പരിപാടി (No To Drugs) സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചിരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ വാർഡുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിരുന്നു. കൂടാതെ സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു.<br><br>ലഹരിവിരുദ്ധ പ്രചാരണ പരിപാടിയുടെ ഭാഗമായി ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ഘോഷയാത്രകൾ, ബോധവൽക്കരണ റാലികൾ, ലഹരി വിരുദ്ധ നാടകം, ഓട്ടൻതുള്ളൽ, മനുഷ്യശൃംഖല, ഫ്ലാഷ് മോബ്, തെരുവുനാടകം, കൂട്ടയോട്ടം, വാഹന പ്രചാരണ ജാഥകൾ, ലഹരി വിരുദ്ധസന്ദേശങ്ങൾ ഉയർത്തിക്കൊണ്ട് ബൈക്ക് റാലികൾ, കാൽനട ജാഥകൾ, ഗോത്രവർഗ ഊരുകളിൽ "ലഹരിക്കെതിരെ ഫുട്ബോൾ ലഹരി" എന്ന ആശയവുമായി ഫുട്ബോൾ മത്സരങ്ങൾ, ലഹരി വിരുദ്ധസന്ദേശങ്ങൾ അടങ്ങിയ സിനിമ പ്രദർശനം എന്നിവയും ചിത്രരചന മത്സരം, ക്വിസ് മത്സരം, സൗഹൃദ ഫുട്ബോൾ മത്സരം, സംവാദ മത്സരം എന്നിങ്ങനെ വിവിധ മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തപ്പെടുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ഒന്നാം ഘട്ട പ്രചാരണ പരിപാടിയിലെ വമ്പിച്ച പൊതുജന പങ്കാളിത്തത്തെത്തുടർന്ന് ഇതിന്റെ തുടർച്ചയായി 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടു നിൽക്കുന്ന രണ്ടാം ഘട്ട പ്രചാരണ പരിപാടി സംസ്ഥാനത്തൊട്ടാകെ നടന്നു വരുകയാണ്. ഇതിന്റെ ഭാഗമായി യുവാക്കളുടെ ശ്രദ്ധ ലഹരിയിലേക്ക് പോകാതെ കലാ-കായിക പ്രവർത്തനങ്ങളിലേക്ക് തിരിച്ച് വിടുന്നതിന് മയക്കു മരുന്നിനെതിരെ ഫുട്ബോൾ ലഹരി എന്ന ആശയം ഉൾക്കൊണ്ട് സംസ്ഥാന വ്യാപകമായി ഗോൾ ചലഞ്ച്, കരിയർ ഡെവലപ്പ്മെന്റ് പരിപാടികൾ, വ്യാവസായ വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ജാഗ്രത സദസ്സുകൾ, സോഷ്യൽ മീഡിയ വഴിയുള്ള ക്യാമ്പയിനുകൾ, കുടുംബശ്രീ മുഖാന്തിരവും റസിഡന്റ്സ് അസോസിയേഷനുകൾ മുഖേനയുള്ള പരിപാടികൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, ടർഫുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള പരിപാടികൾ, അതിഥി തൊഴിലാളികൾക്കിടയിലും, തീരദേശ മേഖലകളും കേന്ദ്രീകരിച്ചുള്ള പരിപാടികൾ എന്നിങ്ങനെ വ്യാപകമായ പ്രചരണ പരിപാടികൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ച് ലഹരിക്കെതിരെ അവബോധം വളർത്തി ലഹരിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ലഹരിക്കെതിരായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 2022 - ൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ? | (ബി) | 01.01.2022 മുതൽ 05.12.2022 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നമ്പർ | ജില്ല | അബ്കാരി കേസുകളുടെ എണ്ണം | എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1333 | 439 |
| 2 | കൊല്ലം | 1513 | 401 |
| 3 | പത്തനംതിട്ട | 1439 | 286 |
| 4 | ആലപ്പുഴ | 1223 | 438 |
| 5 | കോട്ടയം | 1323 | 379 |
| 6 | ഇടുക്കി | 807 | 506 |
| 7 | എറണാകുളം | 1081 | 743 |
| 8 | തൃശ്ശൂർ | 1219 | 573 |
| 9 | പാലക്കാട് | 1707 | 342 |
| 10 | മലപ്പുറം | 1022 | 329 |
| 11 | കോഴിക്കോട് | 1350 | 259 |
| 12 | വയനാട് | 783 | 326 |
| 13 | കണ്ണൂർ | 1469 | 472 |
| 14 | കാസർഗോഡ് | 900 | 98 |
| | **ആകെ** | **17169** | **5591** |

സെക്ഷൻ ഓഫീസർ